# MEENADOM
# ST. IGNATIUS CHURCH



1969–70 കാലഘട്ടങ്ങളിൽ സഭാവഴക്ക് മൂർച്ഛിച്ച് നിന്ന അവസ്ഥയിൽ മീനടം സെന്റ് തോമസ് പള്ളിയിൽ ഇടവകാംഗങ്ങൾ ആയിരുന്ന അന്ത്യോഖ്യാ വിശ്വാസികൾ ആയ 17 വീട്ടുകാർ ചേർന്ന് പള്ളിക്ക് പടിഞ്ഞാറു വശം സെന്റ് ഇഗ്നാത്തിയോസ് പ്രാർത്ഥനായോഗം എന്ന പേരിൽ ഒരു കൂട്ടായ്മ നടത്തിയിരുന്നു. ഈ കൂട്ടായ്മ തങ്ങളുടെ കുട്ടികളെ സഭാവിശ്വാസം പഠിപ്പിക്കുന്നതിന് വേണ്ടി ഒരു സൺഡേസ്കൂൾ കെട്ടിടം പണിയുവാൻ തീരുമാനിക്കുകയും ആയതിനുവേണ്ടി 19 സെന്റ് സ്ഥലം വാങ്ങിക്കുകയും അതിൽ 25 അടി നീളത്തിലും 18 അടി വീതിയിലും ഉള്ള ഒരു കെട്ടിടം പണിയുകയും അതിൽ സൺഡേ സ്കൂൾ ആരംഭിക്കുകയും ചെയ്തു.

ഈ കെട്ടിടത്തിൽ 1975 ഫെബ്രുവരി 2–ാം തീയതി ഒരു താൽക്കാലിക മേശയിൽ ത്രോണോസ് സ്ഥാപിച്ച് മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിൽ പള്ളിയായിട്ടു കൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിച്ചു. പിന്നീട് സ്ഥലപരിമിതി മൂലം 15 സെന്റ് സ്ഥലവും കൂടി വാങ്ങുകയും 1983 – 84 വർഷങ്ങളിൽ 15 അടിയോളം നീളവും കൂടിചേർത്ത് പുതിയ മുഖവാരവും താൽക്കാലിക മദ്ബഹാ മാറ്റി പുതിയ മദ്ബഹായും ത്രോണോസും സ്ഥാപിച്ചു. ഇപ്പോൾ ഈ ഇടവകയിൽ എൺപതോളം വീട്ടുകാർ അംഗങ്ങളായി ഉണ്ട്.

പഴയപള്ളി ജീർണ്ണാവസ്ഥയിൽ ആകുകയും സ്ഥലപരിമിതിമൂലവും പുതിയ ഒരു ദേവാലയം പണിയുന്നതിന് ആലോചിക്കുകയും പള്ളി ഇടവകാംഗമായ കിഴക്കേടത്ത് ജയ്മോൻ സ്കറിയ പള്ളിയോട് തൊട്ട് കിടക്കുന്ന ഉദ്ദേശം 10 സെന്റ് സ്ഥലം ദാനമായി നൽകുകയുംചെയ്തു. അതിൽ മനോഹരമായ ഒരു ദേവാലയം എല്ലാ സൗകര്യങ്ങളോടു കൂടി അതിവേഗം പണിപൂർത്തീകരിച്ചു വരുന്നു.

ഈ ഇടവക പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടും അതിൽ വാണരുളുന്ന പരിശുദ്ധ പാത്രിയർക്കീസ് ബാവായോടും, ബാവായാൽ വാഴിക്കപ്പെടുന്ന മലങ്കരയിലെ ശ്രേഷ്ഠ കാതോലിക്കാ ബാവായോടും, ഇടവക മെത്രാപ്പോലീത്തായോടും കൂറും വിധേയത്വവും നിലനിർത്തി ദൈവത്തിന്റെ അളവറ്റ കരുണയാൽ നിലകൊള്ളുന്നു.

*Source: Kottayam Diocese Souvenir, 2007*